നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, അഭിഭാഷക സമൂഹത്തോട് പ്രതിബദ്ധത മാത്രമല്ല, പ്രതിജ്ഞാബദ്ധമായ ഒരു സമീപനമാണ് സർക്കാരിനുള്ളത്. ഈ സർക്കാർ വരുമ്പോൾ രണ്ട് ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടു. അഭിഭാഷക ക്ഷേമനിധി മൂന്നു ലക്ഷം എന്നുള്ളത് അഞ്ച് ലക്ഷമാക്കുക, അഡ്വക്കേറ്റ്സ് ക്ലാർക്കിന്റേത് ഒരു ലക്ഷം എന്നത് രണ്ടു ലക്ഷമാക്കുക എന്ന ആവശ്യത്തിന്റെ പ്രാധാന്യം കണ്ടുകൊണ്ടുതന്നെയാണ് സർക്കാർ രണ്ട് ഓർഡിനൻസുകൾ ഇറക്കാൻ തീരുമാനിച്ചത്. അഭിഭാഷക ഗുമസ്തന്മാരുടെ ക്ഷേമനിധി ഓർഡിനൻസ് കൊണ്ടുവന്ന് നിയമസഭ പാസ്സാക്കി നടപ്പാക്കിയിട്ട് രണ്ടു വർഷമായി. ഇത് നടപ്പാക്കേണ്ടത് സർക്കാരല്ല. അഭിഭാഷക ക്ഷേമനിധിയുടെ ഭരണനിർവ്വഹണം നടത്തുന്നത് ബാർ കൗൺസിലും അഡ്വക്കേറ്റ് ജനറലും ഉൾപ്പെടുന്ന ട്രസ്റ്റി കമ്മിറ്റിയാണ്. അഭിഭാഷകരുടെ മേൽപ്പറഞ്ഞ ആവശ്യം സർക്കാർ ട്രസ്റ്റി കമ്മിറ്റിയുടെ മുമ്പാകെ അവതരിപ്പിച്ചു. ട്രസ്റ്റി കമ്മിറ്റി അതിന്റെ റിപ്പോർട്ട് തന്നു. അത് പരിഗണിച്ചുകൊണ്ട് ആക്ടിൽ ഭേദഗതി വരുത്തണം എന്നു പറഞ്ഞ പ്രൊപ്പോസൽ കൊച്ചിയിൽ വച്ച് എന്നെ ക്ഷണിച്ച് ഞാൻ അത് ഏറ്റുവാങ്ങിയതാണ്. ട്രസ്റ്റി കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്ട് ഭേദഗതി ചെയ്തുകൊണ്ട് 2008 ജൂൺ 10-ാം തീയതി ഓർഡിനൻസ് പുറപ്പെടുവിച്ചു. ഓർഡിനൻസ് പുറപ്പെടുവിച്ച ശേഷം ട്രസ്റ്റി കമ്മിറ്റിക്ക് ഒരു വീണ്ടുവിചാരമുണ്ടായി. ഇതിന്റെ പ്രാധാന്യം വച്ചുകൊണ്ട് ഏത് വിധേനയും ക്ഷേമനിധി നിയമം നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചു കഴിഞ്ഞു. പ്രസ്തുത ഓർഡിനൻസിനു പകരമുള്ള ബിൽ നിയമസഭയുടെ 347-ാം നമ്പർ ബില്ലായി ഇവിടെ പ്രസിദ്ധീകരിച്ചു. അത് നിയമസഭ പാസ്സാക്കി അഭിഭാഷകർക്കുള്ള ക്ഷേമനിധി അടിയന്തിരമായി നടപ്പാക്കുമെന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പു നൽകുന്നു.

(3) പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പ്

ശ്രീ. കെ. ബാബു : സർ, സംസ്ഥാനത്ത് പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പ് നടക്കുന്ന സന്ദർഭമാണിത്. 23-ാം തീയതി ജില്ലാ കമ്മിറ്റിയിലേയ്ക്കുള്ള മെമ്പർമാരുടെ തെരഞ്ഞെടുപ്പും 30-ാം തീയതി ജില്ലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 20-8-2010-ന് സംസ്ഥാന കമ്മിറ്റി തെരഞ്ഞെടുപ്പുമാണ് ഷെഡ്യൂൾ ചെയ്തിട്ടുള്ളത്. ഈ തെരഞ്ഞെടുപ്പ് നീതിപൂർവ്വമായും നിഷ്പക്ഷമായും ഭരണകക്ഷിയുടെ സമ്മർദ്ദങ്ങളില്ലാതെ നടത്താനുമുള്ള ക്രമീകരണം നടത്തണം എന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. പോലീസുകാർക്ക് പ്രോക്സി വോട്ടിനുള്ള സൗകര്യമുണ്ട്. വോട്ടിംഗ് ദിവസം ജില്ലയ്ക്ക് പുറത്ത് ഡ്യൂട്ടിക്ക് പോകുന്ന പോലീസുകാർക്കും മെഡിക്കൽ ലീവിലോ ഏൺഡ് ലീവിലോ ഹാഫ് പേ ലീവിലോ ഉള്ള പോലീസുകാർക്കുമാണ് പ്രോക്സി വോട്ട് ചെയ്യാനുള്ള അനുവാദമുള്ളത്. എന്നാൽ എല്ലാദിവസവും ജോലിക്ക് ഹാജരാകുന്ന പോലീസുകാരെ നിർബ്ബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പ്രോക്സി വോട്ടിന്റെ അപേക്ഷയിൽ ഒപ്പിട്ടുവാങ്ങിക്കൊണ്ടിരിക്കുന്നു എന്നുള്ള ആക്ഷേപം സംസ്ഥാന വ്യാപകമായി ഉയർന്നുവന്നിട്ടിണ്ട്. ചില ജില്ലകളിൽ വോട്ടർ പട്ടിക തന്നെ സമയബന്ധിതമായി പ്രസിദ്ധീകരിച്ചിട്ടില്ല എന്നുള്ള ആക്ഷേപമുണ്ട്. നന്ദാവനം സായുധ റിസർവ്വ് ക്യാമ്പ്, ട്രാഫിക് സ്റ്റേഷൻ, സെൻട്രൽ കൺട്രോൾ റൂം എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന പോലീസുകാരെ ഭീഷണിപ്പെടുത്തി പ്രോക്സി വോട്ടിനുള്ള അപേക്ഷ ഒപ്പിട്ടു വാങ്ങിയതായിട്ടുള്ള ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഒപ്പിട്ടുകൊടുക്കാത്ത പോലീസുകാരെ സ്ഥലം മാറ്റുമെന്ന് ഔദ്യോഗികപക്ഷം ഭീഷണിപ്പെടുത്തുന്നതായി പറയുന്നുണ്ട്. അതുപോലെ ഡി.ജി.പി.-യുടെ ഡ്രൈവർക്കെതിരായി മത്സരിച്ച മറ്റു ഡ്രൈവർമാരെ ഭീഷണിപ്പെടുത്തുന്നു. ഇങ്ങനെ വ്യാപകമായ വിധത്തിൽ ഈ തെരഞ്ഞെടുപ്പ് അട്ടിമറിക്കുന്നതിനും ഔദ്യോഗിക പക്ഷം രാഷ്ട്രീയമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നതായി ആക്ഷേപങ്ങൾ ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പ് അതിന്റെ കോഡ് ഓഫ് കോണ്ടാക്ട് അനുസരിച്ച് ഭരണപക്ഷത്തിന്റേയോ രാഷ്ട്രീയ ഇടപെടലോ ഇല്ലാതെ നിഷ്പക്ഷമായും നീതിപൂർവ്വമായും നടത്താനുള്ള ക്രമീകരണം ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, കേരള പോലീസ് അസോസ്സിയേഷൻ തെരഞ്ഞെടുപ്പ് വ്യക്തമായ ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് നടത്തിവരുന്നത്. കേരളാ പോലീസ് അസോസ്സിയേഷന്റെ ചട്ടങ്ങൾ സംബന്ധിച്ച ഉത്തരവ് ജി.ഒ.(എംഎസ്.) നം. 134/79/ഹോം. തീയതി 4-10-1979-ലാണ് നിലവിൽ വന്നത്. ഈ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള നടപടിക്രമങ്ങളനുസരിച്ചാണ് അസോസിയേഷന്റെ തെരഞ്ഞെടുപ്പ് നടത്തിയിരുന്നത്. ഈ അസോസ്സിയേഷനിൽ കേരള പോലീസിലെ പോലീസ് കോൺസ്റ്റബിൾ, ഹെഡ് കോൺസ്റ്റബിൾ റാങ്കിലുള്ളവരാണ് അംഗങ്ങൾ. അസോസിയേഷന്റെ തെരഞ്ഞെടുപ്പ് അസോസ്സിയേഷൻ ചട്ടങ്ങൾ 7(8) പ്രകാരമാണ് നടത്തിവരുന്നത്. ചട്ടം 8 പ്രകാരം ബ്രാഞ്ച് അസോസ്സിയേഷനിലേയ്ക്കും സംസ്ഥാന അസോസ്സിയേഷനിലേയ്ക്കും മറ്റ് വിവിധ ഓഫീസുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ് ഓരോ വർഷവും ജൂലൈ മാസത്തിലാണ് നടത്തേണ്ടത്. ഓരോ വർഷവും മേയ് ഒന്നിനും 31-നും ഇടയ്ക്ക് അതാത് യൂണിറ്റ് മേധാവികൾ യോഗ്യതയുള്ള എല്ലാ അംഗങ്ങളുടേയും നിയോജകമണ്ഡലം അടിസ്ഥാനമാക്കി പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കണമെന്നാണ് ചട്ടങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുള്ളത്. ചട്ടം 8(5) പ്രകാരം വോട്ടർ പട്ടിക സംബന്ധിച്ചുള്ള പരാതികൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പിനുള്ള വരണാധികാരികളെ നിശ്ചയിക്കുന്നത് അസോസ്സിയേഷൻ അംഗങ്ങൾതന്നെ തങ്ങളുടെയിടയിൽ നറുക്കെടുത്ത് നിശ്ചയിക്കുന്ന യോഗ്യതയുള്ള

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങളാണ്. ചട്ടം 7(3) പ്രകാരമാണ് വരണാധികാരിയെ നിശ്ചയിക്കുന്നത്. പോലീസ് അസോസ്സിയേഷൻ പൂർണ്ണമായും ഒരു രാഷ്ട്രീയേതര സംഘടനയാണ്. അസോസ്സിയേഷന്റെ ചട്ടങ്ങളിലെ ഉദ്ദേശലക്ഷ്യങ്ങളിൽ ചട്ടം (5) ഇത് വ്യക്തമാക്കുന്നുണ്ട്. കേരള പോലീസ് ആക്ടിന്റേയും പോലീസ് ഫോഴ്സിന്റെയും പരിധിക്കുള്ളിൽ നിന്നാണ് അസോസ്സിയേഷൻ പ്രവർത്തിച്ചു വരുന്നത്. അസോസ്സിയേഷന്റെ അംഗങ്ങൾതന്നെ അവരുടെയിടയിൽനിന്നുള്ള ഒരാളെ വരണാധികാരിയാക്കി തെരഞ്ഞെടുക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. ഇതിൽ യാതൊരു രാഷ്ട്രീയവുമില്ല. സർക്കാരോ ഡിപ്പാർട്ടുമെന്റ് മേലധികാരികളോ തെരഞ്ഞെടുപ്പ് നടത്തിപ്പിൽ ഇടപെട്ടിട്ടുമില്ല. കേരളാ പോലീസ് അസോസ്സിയേഷന്റെ ഭരണഘടന അനുസരിച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ബഹുമാനപ്പെട്ട കെ. ബാബു പറഞ്ഞ പ്രോക്സി വോട്ടിന്റെ പ്രശ്നം പത്രത്തിൽ ഒരു വാർത്ത കണ്ടതിന്റെയടിസ്ഥാനത്തിൽ ഞാൻ പരിശോധിച്ചു. 7(2) (ബി)(6) പ്രകാരം യോഗ്യതയുള്ള ഏതെങ്കിലും അംഗത്തിന് രോഗംമൂലമോ അവധിമൂലമോ ഡ്യൂട്ടിമൂലമോ തെരഞ്ഞെടുപ്പ് സ്ഥലത്തുനിന്ന് അകന്ന് നിൽക്കേണ്ടിവരുമ്പോൾ തന്റെ സമ്മതിദാനാവകാശം ഉപയോഗിക്കുന്നതിന് തന്റെ നിയോജകമണ്ഡലത്തിലെ യോഗ്യതയുള്ള ഒരു അംഗത്തിനെ തന്റെ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ഒപ്പോടുകൂടി രേഖാമൂലം അധികാരപ്പെടുത്താം. ഇതിനെയാണ് സാധാരണയായി പ്രോക്സി വോട്ട് എന്നുപറയുന്നത്. പ്രോക്സി വോട്ട് വിരട്ടി വാങ്ങുന്നു എന്ന ഒരു വാർത്ത ഒരു പത്രത്തിൽ വന്നിരുന്നു. ഇത് സംബന്ധിച്ച് ഒരു പരാതിയും ഇതുവരെ ലഭിച്ചിട്ടില്ല. ഈ പരാതി പ്രത്യേകം ശ്രദ്ധിക്കാം. ഔദ്യോഗികപക്ഷം എന്ന ഒരു പക്ഷമില്ല.

(4) കൺവെൻഷൻ സെന്റർ

ശ്രീ. എ. പ്രദീപ് കുമാർ : സർ, കോഴിക്കോട് നഗരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺവെൻഷൻ സെന്റർ നിർമ്മിക്കണമെന്നുള്ള ആവശ്യം നേരത്തെ ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. കോഴിക്കോട് നഗരം ഇന്ന് അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഒരു നഗരമാണ്. ഈ സർക്കാർ വന്നതിനുശേഷം കഴിഞ്ഞ നാലുവർഷത്തെ വികസന പ്രവർത്തനങ്ങൾ വളർച്ചയുടെ ഗതിവേഗം അത്ഭുതകരമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ അവിടെ തുടക്കം കുറിച്ചിട്ടുള്ള സൈബർ പാർക്കുകൾ, പ്രവൃത്തി ആരംഭിക്കാനിരിക്കുന്ന അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് ഇതെല്ലാം തന്നെ ഈ നഗരത്തെ മെട്രോപൊളിറ്റൻ സിറ്റിയുടെ ഭാവത്തിലേയ്ക്ക് മാറ്റാൻ ഇടയുള്ള പ്രവൃത്തികളാണ്. കോഴിക്കോട് യൂണിവേഴ്സിറ്റി, ഐ.ഐ.എം., എൻ.ഐ.ടി തുടങ്ങിയ ഇന്റർനാഷണൽ സ്റ്റാന്റേർഡുള്ള സ്ഥാപനങ്ങൾ, മെഡിക്കൽ കോളേജ്, ഇന്റർനാഷണൽ എയർപോർട്ടിന്റെ സാമീപ്യം ഇതെല്ലാം കോഴിക്കോട് നഗരത്തിൽ ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലുമുള്ള നിരവധി സമ്മേളനങ്ങൾ, സെമിനാറുകൾ സാംസ്ക്കാരിക പരിപാടികൾ, എക്സിബിഷനുകൾ എല്ലാം നടത്തുന്നതിനുള്ള വേദിയാക്കേണ്ടിവരാറുണ്ട്. അവിടെ അതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് പല പ്രോഗ്രാമുകളും നമുക്ക് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. ഈ ഒരു പശ്ചാത്തല

LIBRARY ARCHIVES Kerala Legislative Assembly